I ഇ.ബി. XIII-കേരള നിയമസഭ/XIV-5

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 02, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**അടിയന്തര പ്രമേയം**

വിദ്യാഭ്യാസമേഖലയിലെ അരക്ഷിതാവസ്ഥ

മി. സ്പീക്കർ: പുതിയ അദ്ധ്യയനവർഷം ആരംഭിച്ചിട്ടും വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ, യൂണിഫോം, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാത്തതിനാലും സർക്കാർ സ്കൂളുകളിൽ മതിയായ അദ്ധ്യാപകരില്ലാത്തതിനാലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മാത്യു. റ്റി. തോമസ്, ആർ. രാജേഷ്, വി.എസ്. സുനിൽ കുമാർ, എ.കെ. ശശീന്ദ്രൻ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗതി യഥാസമയം വിലയിരുത്തുകയും പാഠപുസ്തകങ്ങൾ കൃത്യമായി വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരമുള്ള പേപ്പറുകളിൽ പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യണമെന്ന് തീരുമാനമെടുത്തെങ്കിലും അവ യഥാസമയം ലഭ്യമാക്കാത്തതാണ് അച്ചടി പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായത്. പാഠപുസ്തകത്തിന്റെ അച്ചടി ഏൽപ്പിച്ചിരുന്ന കെ.ബി.പി.എസ് സമയബന്ധിതമായി അച്ചടി പൂർത്തീകരിക്കാനാവില്ലെന്ന് അറിയിച്ചതിനെത്തുടർന്നാണ് അറുപത് ലക്ഷത്തോളം പുസ്തകങ്ങളുടെ പ്രിന്റിംഗ് സർക്കാർ പ്രസ്സുകൾക്ക് നൽകുന്നതിന് ഉത്തരവായത്. അവിടെയും കാലതാമസമുണ്ടായതിനാൽ 3-6-2015-ലെ മന്ത്രിസഭാ തീരുമാനപ്രകാരം ഇ-ടെന്റർ ചെയ്തെങ്കിലും മണിപ്പാൽ ടെക്നോളജീസ് എന്ന സ്ഥാപനം മാത്രമേ ഇ-ടെണ്ടറിൽ പങ്കെടുത്തുള്ളൂ. ഇ-ടെന്ററിലേയ്ക്ക് പോയാൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുമെന്നതിനാൽ നാൽപ്പത്തിമൂന്ന് ലക്ഷം പുസ്തകങ്ങൾ അച്ചടിക്കാൻ കെ.ബി.പി.എസ്.-നെ

ഏൽപ്പിക്കുകയും പതിമൂന്ന് ലക്ഷം പുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ ജൂലൈ മാസത്തിൽ പൂർത്തീകരിച്ച് വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മാത്യു. റ്റി. തോമസ്: പുതിയ അദ്ധ്യയനവർഷം ആരംഭിച്ചിട്ടും അമ്പത് ലക്ഷം വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങളോ യൂണിഫോമോ ലഭ്യമാക്കാത്തതുമൂലം കുട്ടികളുടെയും രക്ഷകർത്താക്കളുടെയും പ്രതീക്ഷകളാണ് തകർന്നിരിക്കുന്നത്. അടിയന്തരപ്രമേയ നോട്ടീസിൽ യൂണിഫോം, ഉച്ചക്കഞ്ഞി വിതരണം, സ്കൂളുകളിലെ അടസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയെക്കുറിച്ചെല്ലാം പരാമർശിച്ചിട്ടുണ്ടെങ്കിലും പാഠപുസ്തകങ്ങളെപ്പറ്റി മാത്രം മറുപടി പറഞ്ഞതിലൂടെ സർക്കാർ ഈ വിഷയം വളരെ ലാഘവത്തോടെയാണ് കാണുന്നതെന്നാണ് വിലയിരുത്തേണ്ടത്. ടൈം ഷെഡ്യൂൾവച്ച് പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാത്തതുസംബന്ധിച്ച് അവ്യക്തത തുടരുകയാണ്. ഈ വിഷയത്തിൽ ഹൈക്കോടതി അതൃപ്തി അറിയിച്ച് വിശദീകരണം ആരാഞ്ഞിട്ടുപോലും മറുപടി നൽകാൻ സർക്കാർ തയ്യാറാകുന്നില്ല. സർക്കാരിന്റെ കെടുകാര്യസ്ഥതയും വകുപ്പുകളുടെ ഏകോപനമില്ലായ്മയുമാണ് ഈ പ്രതിസന്ധിക്ക് കാരണം. പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിൽ കുറ്റകരമായ വീഴ്ചയാണ് രണ്ടു വകുപ്പുകളുടെയും ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. വിതരണം ചെയ്യാൻ പോകുന്ന

പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് ഗൈഡ്‌ലോബികൾക്ക് മുൻകൂട്ടി വിവരം നൽകി സ്വകാര്യ പ്രസ്സുകാർക്ക് കൊള്ളലാഭം ഉണ്ടാക്കാൻ അവസരമൊരുക്കുന്നതിനായി 50 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളെ ബലിയാടാക്കുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രീപ്രൈമറി വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണവും പാലും മുട്ടയും നൽകിവന്നിരുന്നത് ഈ വർഷം മുതൽ നൽകേണ്ടതില്ലെന്ന തീരുമാനം ഉചിതമാണോയെന്ന് പരിശോധിക്കണം. സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനോ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കാനോ അദ്ധ്യാപക തസ്തിക പുതുക്കി നിശ്ചയിക്കാനോ സർക്കാർ തയ്യാറായിട്ടില്ല. പ്ലസ് വൺ പ്രവേശനം അവതാളത്തിലാക്കി. ഉച്ചഭക്ഷണം, യൂണിഫോം, അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ അൺ എയ്ഡഡ് സ്കൂളുകൾക്ക് കൂടുതൽ മഹത്വവും മാന്യതയും നൽകുന്ന നയമാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണം അന്വേഷിക്കേണ്ടത് അച്ചടി വകുപ്പാണ്. പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ

പേപ്പറുകളുടെ സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തിയതിനാൽ അച്ചടി പൂർത്തിയാകുന്നതിന് കാലതാമസം വന്നിട്ടുണ്ട്. സാധാരണഗതിയിൽ ഓർഡർ കൊടുക്കുന്നതുപോലെ ഇത്തവണയും കെ.ബി.പി.എസ്.-ന് ഓർഡർ നൽകുകയും ഓരോ മാസവും അതിന്റെ റിവ്യൂ നടത്തുകയും ചെയ്തിരുന്നു. യഥാസമയം അച്ചടി പൂർത്തിയാക്കാൻ കഴിയില്ലെന്ന് മെയ് മാസം അവസാനം അറിയിച്ചതിനെത്തുടർന്ന് ഗവൺമെന്റ് പ്രസ്സിനെക്കൂടി പ്രിന്റിംഗ് ഏൽപ്പിക്കാൻ തീരുമാനിച്ചെങ്കിലും അവർക്കും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ഷോർട്ട് ടെണ്ടർ വിളിക്കാൻ കാബിനറ്റ് തീരുമാനിച്ചു. പാഠപുസ്തകങ്ങൾ പെട്ടെന്ന് വിതരണം ചെയ്യേണ്ടതിനാൽ മണിപ്പാൽ ടെക്നോളജീസിന്റെ സിംഗിൾ ടെണ്ടർ കാബിനറ്റ് അംഗീകാരത്തിന് സമർപ്പിച്ചെങ്കിലും അംഗീകാരം നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും കെ.ബി.പി.എസ്-നെ വീണ്ടും ഏൽപ്പിക്കുകയുമാണുണ്ടായത്. 43 ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി ജൂലൈ മാസം 20-ാം തീയതിക്കകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാഠപുസ്തക അച്ചടിയുടെ പുരോഗതി വിദ്യാഭ്യാസ വകുപ്പ് അതാത് ദിവസം വിലയിരുത്തുന്നുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകൾ മുഖേന അച്ചടിയും വിതരണവും ചെയ്യുന്നതുകൊണ്ടാണ് കാലതാമസമുണ്ടായത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ പാഠപുസ്തകങ്ങൾ മാറിയിട്ടുപോലും കൃത്യസമയത്ത് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

പാഠപുസ്തകങ്ങൾ ലഭിക്കാൻ വൈകുന്നുവെന്ന് കണ്ടതിനെത്തുടർന്ന് നെറ്റിൽ പബ്ലിഷ് ചെയ്യുകയും ഫോട്ടോകോപ്പിയെടുത്ത് ഉപയോഗിക്കാനുള്ള സൗകര്യം ഏർപ്പാടാക്കുകയും ചെയ്തിട്ടുണ്ട്. ഗൈഡ് പ്രിന്റ് ചെയ്യുന്നവരെ സഹായിക്കാനുള്ള നിലപാട് സ്വീകരിച്ചിട്ടില്ല. ഗവൺമെന്റ് സ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുമുള്ള യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കുള്ള യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭിച്ചിട്ടുണ്ട്. സ്കൂളുകളിലെ ഭൗതിക സൗകര്യം മെച്ചപ്പെട്ടിട്ടുണ്ട്. മതിയായ ടോയ്‌ലെറ്റ് സൗകര്യമില്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതല്ലെന്ന ഉത്തരവ് ഇറക്കിയതിനെ തുടർന്ന് ഭൂരിഭാഗം ഗവൺമെന്റ് സ്കൂളുകളിലും ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രീ-പ്രൈമറി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നുണ്ട്. അധ്യാപക പാക്കേജിന്റെ പൂർണ്ണ രൂപം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് അധ്യാപക ക്ഷാമത്തിന് പരിഹാരം കാണാൻ സാധിക്കും. സ്വകാര്യ പ്രസ്സുകളുടെ കാര്യക്ഷമത കണക്കിലെടുത്തും ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കാൻ കാലതാമസം നേരിട്ടതുകൊണ്ടും കുട്ടികൾക്ക് സമയബന്ധിതമായി പുസ്തകം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്വകാര്യ പ്രസ്സുകളെ എൽപ്പിച്ചതെങ്കിലും പിന്നീട് അത് റദ്ദ് ചെയ്യുകയുണ്ടായി.

ശ്രീ. മാത്യു റ്റി. തോമസ് : 1, 3, 5, 7, 9, 10 എന്നീ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 28-10-2014-ന് നൽകിയിരുന്നുവെങ്കിലും ഫൈനൽ പ്രിന്റ് ഓർഡർ കൊടുത്തത് 10-02-2015-നാണ് എന്ന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ഇന്നത്തെ നക്ഷത്രചിഹ്നമിട്ട 124-ാം നമ്പർ ചോദ്യത്തിന് മറുപടി നൽകിയിരിക്കുന്നത് സംബന്ധിച്ച് വ്യക്തമാക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ് : അത സംബന്ധിച്ച് പരിശോധിച്ചശേഷം പറയാം.

(പ്രസ്തുത വിഷയത്തിന്മേൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വ്യക്തമായി മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനേതാവിന്റെ സീറ്റിനുസമീപം നിന്ന് ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോകുകയും ചെയ്തു.)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): 1, 3, 5, 7, 9, 10 എന്നീ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 28-10-2014-നും 2, 4, 6, 8 എന്നീ ക്ലാസ്സുകളുൾപ്പെടെ എല്ലാ ക്ലാസ്സുകളിലെയും ഫൈനൽ പ്രിന്റ് ഓർഡർ 10-02-2015-ലും കെ.ബി.പി.എസ്.-ന് നൽകിയിരുന്നു. ഇതുസംബന്ധിച്ച് പരിശോധിച്ച് മറുപടി

പറയാമെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിച്ചത്.

ശ്രീ. പി.കെ. അബ്ദു റബ്ബ്: അച്ചടി വകുപ്പുമന്ത്രി ഇന്ന് സഭയിൽ പറഞ്ഞത് സംബന്ധിച്ച് പരിശോധിക്കാതെ മറുപടി പറയാൻ കഴിയുകയില്ല. ഇപ്രാവശ്യം പുസ്തകം അച്ചടിക്കുന്നതിന് കുറച്ച് കാലതാമസം വന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ജൂലൈ 20-നകം പാഠപുസ്തകങ്ങൾ മുഴുവൻ സ്കൂളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഈ സർക്കാർ വിലക്കയറ്റം നിയന്ത്രിക്കുന്നതിനോ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനോ ക്ഷേമ പെൻഷനുകൾ നൽകുന്നതിനോ നടപടിയെടുക്കുന്നില്ല. വിദ്യാർത്ഥികളുടെ കാര്യത്തിലും കെടുകാര്യസ്ഥതയും നിരുത്തരവാദിത്വവുമാണ് കാണിച്ചുവരുന്നത്. വിദ്യാലയ വർഷം ആരംഭിച്ച് ഒരു മാസം പിന്നിട്ടിട്ടും കുട്ടികൾക്ക് പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ല. ഒരു മാസം കൂടി കഴിയുമ്പോൾ പാഠപുസ്തകങ്ങളില്ലാതെ ഓണപ്പരീക്ഷയെഴുതേണ്ട സ്ഥിതിയാണ്. അന്ധ വിദ്യാർത്ഥികൾക്കുവേണ്ട ബ്രെയിലി പാഠപുസ്തകങ്ങൾ പോലും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 4

കോടി പുസ്തകങ്ങൾ വേണ്ട സ്ഥാനത്ത് നാലിലൊന്നുമാത്രമാണ് സ്കൂളുകളിൽ എത്തിച്ചിട്ടുള്ളത്. അഴിമതി ആരോപണം ഉയർന്നതിനെത്തുടർന്ന് പാഠപുസ്തക അച്ചടി സ്വകാര്യ സ്ഥാപനങ്ങളെ ഏല്പിക്കാനുള്ള ശ്രമം പിൻവലിക്കേണ്ടിവന്നു. പാഠപുസ്തക അച്ചടിയും വിതരണവും താമസിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതിയുടെ വിമർശനത്തിന് വിശദീകരണം നൽകിയിട്ടില്ല. യൂണിഫോം വിതരണം ചെയ്യുന്നതിലും വലിയ അഴിമതിയുണ്ട്. ആവശ്യത്തിന് അദ്ധ്യാപകരില്ലാതെയാണ് സ്കൂളുകൾ പ്രവർത്തിക്കുന്നത്. പൊതുവിദ്യാഭ്യാസം തകർക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാരിന്റെ നിലപാടിനെതിരെ ഞങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് പ്രതിഷേധിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളികളോടെ നടുത്തളത്തിൽ ഇരുന്നു.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.31-ന് നിറുത്തിവച്ച സഭ 11.06-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു.)

<u>മി. സ്പീക്കർ</u>: ഭരണ-പ്രതിപക്ഷ കക്ഷികളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയുന്നതാണ്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): ചെയറിന്റെ തീരുമാനത്തിൽ അതൃപ്തി രേഖപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഇരു മന്ത്രിമാർക്കും

വ്യക്തമായൊരു മറുപടി പറയാൻ കഴിയാത്ത സാഹചര്യത്തിൽ മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ചട്ടപ്രകാരം അടിയന്തരപ്രമേയാവതരണ നോട്ടീസിന്മേൽ വകുപ്പുമന്ത്രി മറുപടി പറഞ്ഞതിനുശേഷമേ മുഖ്യമന്ത്രിക്ക് ഇടപെട്ട് സംസാരിക്കാൻ കഴിയൂ.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റ് വിട്ട് സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളംവയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്തതായി പ്രഖ്യാപിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ എൺപത്തിരണ്ട് മുതൽ തൊണ്ണൂറ്റി ഒന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VII- മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും (123,95,44,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXX- ഭക്ഷ്യം (556,59,53,000 രൂപ)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII- എക്സൈസ് (165,49,17,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIII- മത്സ്യബന്ധനം (370,64,35,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XL – തുറമുഖങ്ങൾ (110,59,76,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ( ശ്രീ. കെ. പി. മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി): മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ധനാഭ്യർത്ഥന ചർച്ചകൾ റദ്ദ് ചെയ്തു. കട്ട് മോഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല. മന്ത്രിമാർ മറുപടി പ്രസംഗങ്ങൾ മേശപ്പുറത്തു വച്ചു.)

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.20-ന് പിരിഞ്ഞു.

*************